**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5949** **25-03-2025 - ൽ മറുപടിയ്ക്ക്**

**പുരപ്പുറ സൗരോർജ്ജ പദ്ധതി/സൂര്യ ഘർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുരപ്പുറ സൗരോർജ്ജ പദ്ധതി/പി.എം. സൂര്യ ഘർ പദ്ധതിയിൽ ചേരുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും കേന്ദ്ര സർക്കാർ പ്രസ്തുത പദ്ധതിക്കായി ധനസഹായം നല്കുന്നുണ്ടോയെന്നും സബ്സിഡി നൽകുന്നത് എപ്രകാരമാണെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; | (എ) | സബ്സിഡിയോടു കൂടി പുരപ്പുറ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുവാനായി പി എം സൂര്യ ഘർ മുഫ്ത് ബിജ്‌ലി യോജന സ്കീമാണ് നിലവിലുള്ളത്. പ്രസ്തുത സ്കീമിൽ സോളാർ പ്ലാന്റ് സ്ഥാപിക്കുവാനായി പി എം സൂര്യ ഘർ നാഷണൽ പോർട്ടലിൽ കൺസ്യൂമർ നമ്പർ പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. തുടർന്ന് കെ.എസ്.ഇ.ബി.എൽ.-ൽ നിന്ന് ഫീസിബിലിറ്റി വാങ്ങിയതിന് ശേഷം കൺസ്യൂമർ പോർട്ടലിൽ നിന്നും തിരഞ്ഞെടുത്ത വെണ്ടർ മുഖാന്തിരം പ്ലാന്റ് സ്ഥാപിക്കാവുന്നതാണ്. അതിനുശേഷം കെ.എസ്.ഇ.ബി.എൽ.-ന്റെ പരിശോധന കഴിഞ്ഞ് കെ എസ് ഇ ബി യുമായി നെറ്റ് മീറ്ററിംഗ് എഗ്രിമെന്റിൽ ഏർപ്പെട്ട് സോളാർ പ്ലാന്റ് ഗ്രിഡുമായി കണക്ട് ചെയ്യാവുന്നതാണ്. ഗാർഹിക മേഖലയിൽ 3 kW വരെയുള്ള സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പരമാവധി 78,000 രൂപ സബ്സിഡിയായി നൽകി വരുന്നു. 1 kW ന 30,000/- രൂപ, 2 kW ന 60,000/- രൂപ, 3 kW ന 78,000 രൂപ എന്ന നിരക്കിലാണ് സബ്സിഡി നൽകി വരുന്നത്. വിശദ വിവരങ്ങൾ https://pmsuryaghar.gov.in എന്ന പോർട്ടലിൽ ലഭ്യമാണ്. |
| (ബി) | പാരമ്പര്യേതര ഊർജ്ജ ഉറവിടങ്ങൾ കൂടുതൽ ഉപയോഗപ്പെടുത്തുന്നതിന് എന്തെല്ലാം പുതിയ പദ്ധതികളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | **കെ.എസ്.ഇ.ബി.എൽ.**<br><br>ആഭ്യന്തര ഉത്പാദനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിച്ചതിന്റെ ഭാഗമായി 148.55 മെഗാവാട്ടിന്റെ ജല വൈദ്യുത പദ്ധതികളാണ് സംസ്ഥാനത്ത് കഴിഞ്ഞ മൂന്നര വർഷങ്ങൾക്കുള്ളിൽ (2021 to 2024) പൂർത്തിയാക്കിയത്. ഇതിൽ വൈദ്യുതി ബോർഡ് നേരിട്ട് 132 മെഗാവാട്ടും, എനർജി മാനേജ്മെന്റ് സെന്റർ മുഖേന സ്വകാര്യ സംരംഭകർ വഴി 16.55 മെഗാവാട്ടും പൂർത്തിയാക്കി. അപ്പർ കല്ലാർ (2 മെഗാവാട്ട്), പൊരിങ്ങൽകുത്ത് (24 മെഗാവാട്ട്), |

പെരുവണ്ണാമൂഴി (6 മെഗാവാട്ട്), തോട്ടിയാർ (40 മെഗാവാട്ട്), പള്ളിവാസൽ വിപുലീകരണ പദ്ധതി (60 മെഗാവാട്ട് ട്രയൽ റൺ പുരോഗമിക്കുന്നു) എന്നിവയാണ് വൈദ്യുതി ബോർഡ് പൂർത്തിയാക്കിയ പദ്ധതികൾ. ആനക്കാംപൊയിൽ (8 മെഗാവാട്ട്), അരിപ്പാറ (4.5 മെഗാവാട്ട്). മുക്കുടം (4 മെഗാവാട്ട്) എന്നിവയാണ് സ്വകാര്യ സംരംഭകർ മുഖേന പൂർത്തിയാക്കിയ പദ്ധതികൾ. 127.536 മെഗാവാട്ട് ശേഷിയുള്ള 9 ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു.

സംസ്ഥാനത്ത് വരും വർഷങ്ങളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വൻകിട ജലവൈദ്യുത പദ്ധതികൾ ഇടുക്കി സുവർണ്ണ ജൂബിലി പദ്ധതി 800 മെഗാവാട്ട് ലക്ഷ്മി ജലവൈദ്യുത പദ്ധതി 240 മെഗാവാട്ട്, ശബരിഗിരി വിപുലീകരണ പദ്ധതി 450 മെഗാവാട്ട് എന്നിവയാണ്.

പകൽ സമയത്ത് അധികമായി ലഭിക്കുന്ന സൗരോർജ്ജ വൈദ്യുതി ഉപയോഗപ്പെടുത്തി ഊർജ്ജ ആവശ്യകത കൂടിയ രാത്രി കാലങ്ങളിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കാവുന്ന പമ്പ്ഡ് സ്റ്റോറേജ് പദ്ധതികളുടെ അനന്ത സാധ്യതകൾ അടിയന്തര പ്രാധാന്യത്തോടെ പരിശോധിച്ചു വരുന്നു. കേരളത്തിൽ 5000 മെഗാവാട്ട് എങ്കിലും പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ സാധ്യമാണ്. ഇതിൽ മഞ്ഞപ്പാറ (30 മെഗാവാട്ട്), മുതിരപ്പുഴ (100 മെഗാവാട്ട്) എന്നീ പദ്ധതികൾക്ക് ഇതിനോടകം സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. 3150 മെഗാവാട്ട് ശേഷിയുള്ള 9 പദ്ധതികളുടെ നിർമ്മാണം ആരംഭിക്കാൻ അനുമതി നൽകാൻ ആണ് സർക്കാർ ഉദ്ദേശിക്കുന്നത്.

പാരമ്പര്യേതര ഊർജ്ജ ഉറവിടങ്ങൾ കൂടുതൽ ഉപയോഗപ്പെടുത്തുന്നതിനായി, സൗരോർജ്ജ മേഖലയിൽ പുരപ്പുറ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുവാനായി 3 kW വരെയുള്ള സോളാർ പ്ലാന്റുകൾക്ക് പരമാവധി 78,000 രൂപ വരെ സബ്സിഡി നൽകി വരുന്നുണ്ട്. പുരപ്പുറ സോളാർ പദ്ധതി വ്യാപിപ്പിക്കുവാനായി 19.03.2025 വരെ സംസ്ഥാനത്തു 1062 ഡെവലപ്പർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ ഉൾപ്പെട്ടിട്ടുള്ള സെക്ഷൻ ഓഫീസ് അസിസ്റ്റന്റ് എൻജിനീയർമാരുടെയും ഡെവലപ്പർമാരുടെയും കാര്യക്ഷമത വർധിപ്പിക്കുന്നതിനായി നാഷണൽ പവർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് പരിശീലനം നൽകി വരുന്നു. കൂടാതെ ഇപ്പോൾ

കൺസ്യൂമേഴ്സിന് രജിസ്ട്രേഷൻ നടപടികൾ ലളിതമാക്കികൊണ്ട് MNRE രജിസ്ട്രേഷൻ പോർട്ടൽ 2.0 അവതരിപ്പിച്ചിട്ടുണ്ട്.

പാരമ്പര്യേതര ഊർജ്ജ ഉറവിടങ്ങൾ കൂടുതൽ ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി വിൻഡ് മേഖലയിൽ 300 മെഗാവാട്ടിന്റെ വിൻഡ് എനർജി പദ്ധതികൾ IPP മോഡലിൽ വിൻഡ് ഡെവലപ്പർ സ്വയം കണ്ടെത്തുന്ന സ്ഥലത്തു നടപ്പിലാക്കാൻ ടെൻഡർ നടപടികൾ തുടങ്ങി കഴിഞ്ഞു. അതുപോലെ തന്നെ കാറ്റിന്റെ ശക്തി താരതമ്യേന കൂടുതൽ ഉള്ള രാമക്കൽമേട്, പാപ്പൻപാറ, മാൻകുത്തിമേട്, അഗളി, പൊൻമുടി മുതലായ സ്ഥലങ്ങളിലെ റവന്യൂ ഭൂമി/ ഉപയോഗ ശൂന്യമായ ഭൂമി/ആദിവാസി ഭൂമി എന്നിവയിൽ നിന്നും 350 മെഗാവാട്ടിന്റെ വിൻഡ് എനർജി പദ്ധതികൾ IPP മോഡലിൽ നടപ്പിലാക്കാൻ ടെൻഡർ നടപടികൾ തുടങ്ങിയിട്ടുണ്ട്. ഇതോടൊപ്പം ചെറുകിട കാറ്റാടി യന്ത്രം (2, 3 & 5 KW) പ്രോത്സാഹിപ്പിക്കാൻ വേണ്ടി കേരളത്തിലെ വിവിധ ഭാഗങ്ങളിൽ ചെറുകിട കാറ്റാടി യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടിയും തുടങ്ങിയിട്ടുണ്ട്.

**<u>അനെർട്ട്</u>**

പാരമ്പര്യേതര ഊർജ്ജ ഉറവിടങ്ങൾ കൂടുതൽ ഉപയോഗപ്പെടുത്തുന്നതിന് അനെർട്ട് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

സർക്കാർ/പൊതുസ്ഥാപനങ്ങളിൽ സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവൃത്തിയായി അനെർട്ട് നടപ്പിലാക്കുന്നു.

റിന്യൂവബിൾ എനർജി സേവന ദാതാക്കൾ മുഖേന സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും, ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന പദ്ധതിയാണ് റെസ്കോ (RESCO) മോഡൽ പദ്ധതി. സർക്കാർ സ്ഥാപനങ്ങളിൽ അനെർട്ട് RESCO ആയി സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.

ഗാർഹിക സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന കേന്ദ്ര പദ്ധതി ആയ 'പി.എം. സൂര്യഘർ' പ്രചരിപ്പിക്കുന്നു.

സർക്കാർ ഫണ്ട് ഉപയോഗിച്ച് സൗജന്യമായി ലൈഫ് മിഷൻ/BPL/പുനർഗേഹം വീടുകളിൽ 2 kW വീതം ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു. ഈ

| | | | |
|---|---|---|---|
| | | | പദ്ധതിയുടെ ഭാഗമായി സൗജന്യമായി ഗുണഭോക്താക്കൾക്ക് ഇൻഡക്ഷൻ കുക്കറും നൽകുന്നു.<br><br>സ്മാർട്ട് സിറ്റിയുമായി സഹകരിച്ചുകൊണ്ട് തിരുവനന്തപുരം കോർപ്പറേഷനിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നു.<br><br>സോളാർ സ്ട്രീറ്റ് ലൈറ്റുകൾ ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പിലാക്കുന്നു.<br><br>പച്ചക്കറികൾ/പഴങ്ങൾ ഇവ കേട്ടുകൂടാതെ സൂക്ഷിക്കുന്നതിന് സോളാർ കോൾഡ് സ്റ്റോറേജ് സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.<br><br>പട്ടികവർഗ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റലുകളിൽ സോളാർ ഹൈബ്രിഡ്/ഓഫ്ഗ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പിലാക്കുന്നു.<br><br>വിദൂര ആദിവാസി കോളനികളിൽ സോളാർ പവർ പ്ലാന്റുകൾ/വിൻഡ്/സോളാർ ഹൈബ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതിയിൽ ചേർന്ന് കണക്ഷൻ എടുത്തവരുടെ ബില്ലിംഗ്/ ചാർജ്ജ് എന്നിവ എങ്ങനെയാണ് കണക്കാക്കുന്നതെന്നും ആയത് പരിഷ്കരിക്കുന്നതിന് ശിപാർശ നൽകിയിട്ടുണ്ടോയെന്നും അറിയിക്കുമോ; | (സി) | <u>**കെ.എസ്.ഇ.ബി.എൽ.**</u><br><br>സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള റിന്യൂവബിൾ എനർജി & നെറ്റ് മീറ്ററിങ്ങ് റെഗുലേഷൻ പ്രകാരവും അതിന്റെ ഭേദഗതികൾ പ്രകാരവുമുള്ള നെറ്റ് മീറ്ററിങ്ങ് ബില്ലിങ്ങ് സമ്പ്രദായമനുസരിച്ചാണ്, പി.എം. സൂര്യഘർ പദ്ധതിയുൾപ്പെടെയുള്ള സോളാർ ഉപഭോക്താക്കളുടെ ബില്ലിങ്ങ്/ ചാർജ് എന്നിവ കണക്കാക്കുന്നത്. ബില്ലിങ്ങ് രീതിയിൽ മാറ്റം വരുത്തണമെങ്കിൽ റെഗുലേറ്ററി കമ്മീഷൻ ടി ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടതുണ്ട്. ടി റഗുലേഷനിൽ ഭേദഗതി വരുത്തുന്നതിനുള്ള ശിപാർശകളൊന്നും തന്നെ നിലവിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടില്ല. |
| (ഡി) | പ്രസ്തുത ശിപാർശ നടപ്പിലായാൽ പദ്ധതി അനാദായകരമാകുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ഡി) | നിലവിൽ ശിപാർശകളൊന്നും സമർപ്പിച്ചിട്ടില്ല. എന്നാൽ സോളാർ ഉപഭോക്താക്കൾക്ക് കിട്ടുന്ന ആനുകൂല്യം മൂലം മറ്റു സാധാരണ ഉപഭോക്താക്കളുടെ ചാർജ് വർദ്ധിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതായി കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ